**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1762** **11-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സർവകലാശാലയിലെ ബി.എഡ്. സീറ്റ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സർവകലാശാലയ്ക്ക് കീഴിൽ വിവിധ ബി.എഡ്. കോളേജുകളിൽ ബി.എഡ്. പ്രവേശനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം എത്രയെന്നും ഇക്കഴിഞ്ഞ മൂന്നുവർഷം പ്രവേശനം നേടുന്നതിന് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും കണക്കുകൾ ലഭ്യമാക്കുമോ; | (എ) | വിവരം ചുവടെ ചേർക്കുന്നു :<br><br>2022<br>സീറ്റുകളുടെ എണ്ണം - 4357<br>അപേക്ഷകരുടെ എണ്ണം - 16339<br><br>2023<br>സീറ്റുകളുടെ എണ്ണം - 4357<br>അപേക്ഷകരുടെ എണ്ണം - 17453<br><br>2024<br>സീറ്റുകളുടെ എണ്ണം - 4357<br>അപേക്ഷകരുടെ എണ്ണം - 14808 |
| (ബി) | സർവകലാശാലയ്ക്ക് കീഴിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ അനുവദിക്കുകയും പുതിയ ബിരുദ ബാച്ചുകൾ അനുവദിക്കുകയും ചെയ്തതിനു ശേഷം ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിന് ആനുപാതികമായി ബി.എഡ്. പ്രവേശനത്തിന് സീറ്റുകൾ ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ:; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇതുകാരണം അന്യസംസ്ഥാനങ്ങളിൽ പോയി ഉയർന്ന ഫീസ് ഒടുക്കി ഓൺലൈൻ ഉൾപ്പടെയുള്ള ബി.എഡ്. കോഴ്സുകൾക്ക് പ്രവേശനം നേടേണ്ട അവസ്ഥ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്നുണ്ടെന്നത് ഗൗരവമായി കാണുന്നുണ്ടോ; വിദ്യാർഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | പുതിയ ബി.എഡ്. കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സർവകലാശാല ശുപാർശ സഹിതം സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിച്ച് വരുന്നു . |
| (ഡി) | കോഴിക്കോട് സർവകലാശാലയ്ക്ക് കീഴിൽ പുതിയ ബി.എഡ്. കോളേജുകൾ അനുവദിക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ബി.എഡ്. സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത കോളേജുകൾ | (ഡി) | സർവകലാശാലയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഏതാനും വിദ്യാഭ്യാസ ഏജൻസികൾക്ക്, എൻ.സി.റ്റി.ഇ. അംഗീകാരം കരസ്ഥമാക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി, |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിനായി നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.റ്റി.ഇ.)-ന്റെ അംഗീകാരം നേടിയെടുക്കുന്നതിനാവശ്യമായ ശിപാർശ നൽകുന്ന കാര്യം പരിഗണിക്കുമോ? | | പുതിയ സ്വാശ്രയ ബി.എഡ്. കോളേജ്/ കോഴ്സിനുള്ള എൻ.ഒ.സി. നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ